**ശ്രദ്ധക്ഷണിക്കൽ**

അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികളുടെ പ്രവർത്തനം നിയന്ത്രിക്കൽ

ശ്രീ. വി. ഡി. സതീശൻ: സർ, പരസ്പര ബന്ധമുള്ള രണ്ട് വിഷയങ്ങളെ സംബന്ധിച്ചാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ബാങ്കുകളിൽനിന്നും വായ്പയെടുത്തുകൊടുക്കാമെന്നുപറഞ്ഞ് സാധാരണക്കാരുടെ ആധാരം പണയപ്പെടുത്തി വലിയ തുകകൾ ബാങ്കിൽ നിന്നെടുക്കുകയും ചെറിയ തുകകൾ മാത്രം കൊടുത്ത് വസ്തുവുടമകളെ കബളിപ്പിക്കുകയും ചെയ്യുന്ന തട്ടിപ്പുസംഘങ്ങൾ വ്യാപകമാകുകയാണ്. ബാങ്കിൽ പണം അടയ്ക്കാമെന്ന വാഗ്ദാനം നൽകിയാണ് ഇതുചെയ്യുന്നത്. എന്നാൽ ഒരു തവണപോലും പണമടയ്ക്കാതെ ജപ്തി നടപടികൾ വരുമ്പോൾ മാത്രമാണ് ഈ പാവങ്ങൾ ഇതിനെക്കുറിച്ച് അറിയുന്നത്. ലോൺ മാഫിയയുടെ ചതിപ്രയോഗംമൂലം ജപ്തി നടപടികൾ നേരിട്ട് വഴിയാധാരമായ കുടുംബങ്ങൾ പുനരധിവാസം ആവശ്യപ്പെട്ട് എറണാകുളത്ത് നടത്തുന്ന സമരം ഞാൻ ഈ സഭയുടെയും സർക്കാരിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. മൂന്ന് സെന്റുകാരനും അഞ്ച് സെന്റുകാരനും പത്ത് സെന്റുകാരനും ലോണിനുവേണ്ടി സമീപിക്കുമ്പോൾ നൂറ് തടസ്സവാദങ്ങളുന്നയിക്കുന്ന

ബാങ്ക് അധികാരികൾ അതേ ആധാരവുമായി ചെല്ലുന്ന ലോൺ മാഫിയകൾക്ക് എത്ര പണം വേണമെങ്കിലും കൊടുക്കും. ഞാൻ രണ്ടുമൂന്ന് ഉദാഹരണങ്ങൾകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 65 വയസ്സുകാരിയായ ശ്രീമതി വി. എസ്. സുശീലയുടെ 3 സെന്റ് ഭൂമി പണയപ്പെടുത്തി ഇടനിലക്കാർ തട്ടിയെടുത്തത് 15 ലക്ഷം രൂപ, എന്നാൽ അവർക്ക് കിട്ടിയത് 50,000 രൂപയാണ്. കണ്ണ് ഓപ്പറേഷന് 50,000 രൂപ ആവശ്യമായി വന്നു. വായ്പ കൊടുക്കാൻ ഒരു ബാങ്കും തയ്യാറായില്ല. ഈ മൂന്നുസെന്റ് ഭൂമിയുടെ ആധാരം പണയപ്പെടുത്തി ലോൺ മാഫിയ 15 ലക്ഷം രൂപയെടുക്കുകയും 50,000 രൂപ മാത്രം ഇവർക്ക് കൊടുക്കുകയും ചെയ്തു. പി.കെ. ഗോപിയുടെ 4 സെന്റ് ഭൂമിയുടെ ആധാരമുപയോഗിച്ച് 15 ലക്ഷം രൂപയാണ് ലോൺ മാഫിയ തട്ടിയെടുത്തത്. 15 ലക്ഷം രൂപ തട്ടിയെടുത്തപ്പോൾ അയാൾക്ക് കിട്ടിയത് 50,000 രൂപയാണ്. ജപ്തി ഭീഷണിയുടെ സമ്മർദ്ദത്തിൽ ഹൃദയാഘാതംമൂലം പി.കെ. ഗോപി മരണപ്പെട്ടു. അതുപോലെ പി.ഡി. രവിയുടെ 5 സെന്റ് ഭൂമി പണയപ്പെടുത്തി 15 ലക്ഷം രൂപയുടെ വായ്പ എടുത്തുവെങ്കിലും ഇയാൾക്ക് കിട്ടിയത് 4 ലക്ഷം രൂപമാത്രം. 85 വയസ്സായ ചന്ദ്രമതി, 22,50,000 രൂപയാണ് അവരുടെ 6 സെന്റ് ഭൂമി പണയപ്പെടുത്തി ലോൺ മാഫിയ തട്ടിയെടുത്തത്. അവർക്ക് ലഭിച്ചത് 2,80,000 രൂപ. ജപ്തിഭീഷണിയെത്തുടർന്ന് ഇവർക്ക് ഹൃദയാഘാതം ഉണ്ടാകുകയും

താഴെവീണ് ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെടുകയും ചെയ്ത് കിടപ്പിലാണ്. ജപ്തിഭീഷണി ഇപ്പോഴും തുടരുകയാണ്. ഇതുപോലെ നൂറുകണക്കിന് കേസുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. സാധാരണക്കാരെ തെരുവിലേയ്ക്കും ചേരിയിലേയ്ക്കും വലിച്ചെറിയുന്ന ഈ തട്ടിപ്പുസംഘങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തണമെന്നും ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. മുൻകാലങ്ങളിൽ കോടതി വഴിയാണ് ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിച്ചിരുന്നത്. എന്നാൽ 2002-ൽ വാജ്‌പേയ് സർക്കാർ നടപ്പാക്കിയ Securitisation And Reconstruction of Financial Assets and Enforcement of Security Interest Act എന്ന SARFAESI നിയമമനുസരിച്ച് കോടതി ഇടപെടലില്ലാതെതന്നെ ബാങ്കുകൾക്ക് സ്വത്ത് പിടിച്ചെടുക്കാൻ പരമാധികാരം നൽകുന്നു. ഇത് ചതി നിയമമാണ്. ബാങ്കിംഗ് മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുമെന്ന് അവകാശപ്പെട്ടുകൊണ്ടാണ് സർക്കാർ ഈ ആക്ട് കൊണ്ടുവന്നത്. മൂന്നുഗഡുക്കൾ വീഴ്ച വരുത്തിയ ലോണിന്മേൽ ഈടായി നൽകിയ വസ്തു പിടിച്ചെടുക്കാനും വിൽക്കാനും ബാങ്കുകൾക്ക് ഈ നിയമം പരമാധികാരം നൽകുകയാണ്. Non performing Assets (NPA) ആയി പ്രഖ്യാപിച്ച സ്വത്തുക്കൾ വാങ്ങിയെടുക്കാൻ Asset Reconstruction Company-

കളെന്നറിയപ്പെടുന്ന ARC-കളാണ് ഇപ്പോൾ രംഗത്തുള്ളത്. ഈ ARC-കൾ സ്വകാര്യ കമ്പനികളാണ്. റിലയൻസിന്റേതുൾപ്പെടെ 14 കമ്പനികൾ ഈ നിയമപ്രകാരം നിലവിൽ വന്നിട്ടുണ്ട്. ഗുണ്ടാസംഘങ്ങളെയാണ് ARC-കൾ നിയോഗിക്കുന്നത്. അവർ സ്വന്തം നിലയ്ക്ക് വായ്പയെടുത്ത ആളെ കിടപ്പാടത്തിൽനിന്നും ഒഴിപ്പിക്കും. അതിന് ഭീഷണിപ്പെടുത്തുകയോ ശാരീരികമായി ആക്രമിക്കുകയോ ചെയ്യും. കോടതിയും നീതിന്യായവുമെല്ലാം നടത്തുന്നത് കടം നൽകിയ സ്ഥാപനമാണ്. മൂന്ന് സെന്റുകാരനേയും 5 സെന്റുകാരനേയും കുടിയൊഴിപ്പിക്കാൻ ഗുണ്ടാസംഘങ്ങളെ വിടുമ്പോൾ കോർപ്പറേറ്റ് കമ്പനികൾ 5 ലക്ഷം കോടിരൂപ ബാധ്യത വരുത്തിയിരിക്കുകയാണ് എന്നുള്ളത് നമ്മൾ അറിയേണ്ടതാണ്. വിജയ് മല്യയുടെ കിംഗ് ഫിഷർ എയർലൈൻസ് 2673 കോടി രൂപ, വിൻഡ്സം ഡയമണ്ട് ആന്റ് ജ്യൂവൽ 3156 കോടി രൂപ, സൂം ഡെവലപ്പേഴ്സ് 1810 കോടി രൂപ, സ്റ്റേർലിംഗ് ഗ്രൂപ്പ് 3672 കോടി രൂപ, ഇവരുടെയെല്ലാം നോൺ പെർഫോർമിംഗ് അസറ്റ് ഇനത്തിൽ 5 ലക്ഷം കോടിയിലധികം രൂപയാണ് ബാങ്കുകളിലുള്ളത്. ഇവർക്കുമേൽ ഒരു SARFAESI ആക്ടുമില്ല, ഒരു ARC-യും ഇല്ല, ഒരു ഗുണ്ടാസംഘവുമില്ല. ഇതാണ് ഇവിടെ നടക്കുന്നത്. അതുകൊണ്ട് ARC-കൾ നടത്തുന്ന ഗുണ്ടാപ്രവർത്തനവും ഭീഷണിയും

നിയന്ത്രിക്കണം. ഇവർ കുഴപ്പമുണ്ടാക്കുന്ന, വിദ്യാഭ്യാസ ലോണുൾപ്പെടെ ധാരാളം കേസുകൾ കേരളത്തിൽ വരുന്നു. ഇങ്ങനെ ഒരു സംഭവമുണ്ടായെന്ന് പരാതി കിട്ടിയാൽ ഇതിന്റെ മേധാവികളെയുൾപ്പെടെ ഗുണ്ടാനിയമമനുസരിച്ച് കയ്യാമംവച്ച് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. സംസ്ഥാനത്തുനടക്കുന്ന ലോൺ മാഫിയയെക്കുറിച്ച് പ്രത്യേകവും വിശദവുമായ അന്വേഷണം നടത്തുക, ARC കമ്പനികൾ നടത്തുന്ന ഗുണ്ടാ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണം, എന്നീ രണ്ട് കാര്യങ്ങൾ ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലോൺ വാങ്ങിക്കൊടുക്കാമെന്ന് വിശ്വസിപ്പിച്ച് ഭൂമിയുടെ ആധാരം വാങ്ങി അതിന്റെ ഈടിൽ വായ്പ തരപ്പെടുത്തിയശേഷം പണം ഉടമയ്ക്ക് കൊടുക്കാതെയോ വൻലോണുകൾ വാങ്ങിയശേഷം നാമമാത്രമായ തുക വസ്തു ഉടമയ്ക്ക് കൈമാറുകയോ ചെയ്ത് വഞ്ചന നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 16 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം റൂറലിൽ രണ്ട് കേസുകളും കൊല്ലം റൂറലിൽ 4 കേസുകളും എറണാകുളം റൂറലിൽ 6 കേസുകളും തൃശ്ശൂർ സിറ്റിയിൽ 4 കേസുകളുമാണ് റിപ്പോർട്ട്

ചെയ്തിട്ടുള്ളത്. ലോൺ വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് 4 സെന്റ് ഭൂമി വ്യാജമായി രജിസ്റ്റർ ചെയ്തെടുത്ത് വഞ്ചന നടത്തിയതായി എറണാകുളം റൂറലിൽ ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 17 കേസുകളിലായി 5 കോടി രൂപയിൽ കുറയാത്ത തുകയുടെ തട്ടിപ്പ് നടന്നിട്ടുള്ളതായി കാണുന്നു. ഇതിൽ 6 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും 11 കേസുകളിൽ അന്വേഷണം നടന്നുവരികയുമാണ്. സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും സാധാരണക്കാരുമായ ആളുകളുടെ അറിവില്ലായ്മ മുതലെടുത്താണ് ഈ രീതിയിൽ തട്ടിപ്പുനടത്തുന്നത്. വട്ടിപ്പലിശക്കാരുടെ വലയിൽ വീണ് അവസാനം കിടപ്പാടം നഷ്ടപ്പെടുമെന്ന സ്ഥിതിയിൽ എത്തിയ തിരുവനന്തപുരം മണ്ണന്തല, കിഴക്കേമുക്കോല ശിവജി നഗറിൽ മഹേശ്വരൻ ആശാരിയും അഞ്ചുപേരുമടങ്ങുന്ന കുടുംബം 10.05.2015-ന് ആത്മഹത്യ ചെയ്ത സംഭവം സമൂഹം ഞെട്ടലോടെയാണ് ശ്രവിച്ചത്. ഈ സംഭവമാണ് സംസ്ഥാനത്ത് ഏറ്റവും വിജയകരമായി നടപ്പാക്കിയ 'ഓപ്പറേഷൻ കുബേര' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. മേൽപ്പറഞ്ഞതരം കുറ്റകൃത്യങ്ങൾ ബ്ലേഡ് മാഫിയകളുടെ പ്രവർത്തനങ്ങളിൽനിന്ന് വിഭിന്നമാണ്. ഇന്ന് സംസ്ഥാനത്ത് ബ്ലേഡ് മാഫിയകൾ പ്രവർത്തിക്കുന്നില്ല. എവിടെയെങ്കിലുമുണ്ടെങ്കിൽ ശക്തമായ

നടപടികളെടുക്കുന്നതാണ്. പക്ഷേ ഇത് വേറൊരു തരത്തിലുള്ള തട്ടിപ്പാണ്. ഒരു വ്യക്തിയോ അല്ലെങ്കിൽ വ്യക്തികളോ വിലപിടിപ്പുള്ള വസ്തുക്കൾ ഈടുവാങ്ങി ആളുകൾക്ക് പണം നൽകി കബളിപ്പിക്കുകയാണ് ബ്ലേഡ് മാഫിയയുടെ രീതിയെങ്കിൽ ഇത് സർവ്വസ്വമായ കിടപ്പാടവും വസ്തുവകകളും പൊതുമേഖല - സ്വകാര്യബാങ്കുകളിലും ധനകാര്യസ്ഥാപനങ്ങളിലും ഈടുവയ്പിച്ച് ഇടനിലക്കാരായി നിന്ന് ലക്ഷക്കണക്കിന് രൂപ തട്ടിയെടുക്കുകയാണ്. ഇത്തരം പ്രവൃത്തിയിലൂടെ കുടുംബത്തിന്റെ സർവ്വസ്വമായ സ്വത്തുക്കൾ സങ്കീർണ്ണമായ നിയമനടപടികളിലേയ്ക്കും മറ്റും ഇടപെടുത്തുന്നതുമൂലം നിൽക്കക്കള്ളിയില്ലാത്ത അവസ്ഥയിലേയ്ക്ക് ജനങ്ങൾ എത്തിപ്പെടുന്നു. ഇത്തരമൊരു കാര്യവുമായി ശ്രീ. ഹൈബി ഈഡൻ എം.എൽ.എ, ശ്രീ.പി.എം.മാനുവൽ ഉൾപ്പെടെയുള്ള ആളുകൾ എന്നെ വന്നുകണ്ടിരുന്നു. എറണാകുളത്ത് അതുമായി ബന്ധപ്പെട്ട് സമരം നടക്കുകയാണ്. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഐ.പി.സി. വിവിധ വകുപ്പുകൾപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിക്കും. ഈ വകുപ്പുകൾപ്രകാരം കുറ്റക്കാരായി കണ്ടെത്തുന്ന പ്രതികൾക്ക് പരമാവധി 7 വർഷംവരെ ശിക്ഷ ലഭിക്കുന്നതാണ്. സമൂഹത്തിൽ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനുള്ള ശ്രമങ്ങളും പോലീസ്

നടത്തിവരുന്നു. ബാങ്കുകളിൽ 3 ഗഡുക്കളിൽ കൂടുതൽ മുടക്കം വരുത്തിയവർക്കെതിരെ 2002-ലെ SARFAESI Act പ്രകാരം ജപ്തി നടപടികൾ നടത്താൻ ബാങ്കുകൾ ഏൽപ്പിക്കുന്ന അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനികൾ ലോണുകളുടെ തിരിച്ചടവിനായി ഗുണ്ടാസംഘങ്ങളേയും മാഫിയകളേയും ഇടപെടുത്തുന്നതായി അറിയുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചത് വളരെ ശരിയായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല, ഇന്ത്യയിലൊട്ടാകെ വൻകിട കോർപ്പറേറ്റുകളെടുക്കുന്ന ലോണുകൾ തിരിച്ചടയ്ക്കുന്നില്ല. അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. കിംഗ് ഫിഷർ എയർലൈൻസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ 2500 കോടി രൂപ തിരിച്ചടയ്ക്കാനുണ്ട്. ഒരു നോട്ടീസുപോലും അയയ്ക്കാൻ ആരും തയ്യാറാകുന്നില്ല. അതുപോലെ സൂം ഡെവലപ്പേഴ്സ് ഉൾപ്പെടെയുള്ള നിരവധി കമ്പനികൾ. കോർപ്പറേറ്റുകൾ ബാങ്കിൽനിന്ന് ലോണെടുത്തിട്ട് തിരിച്ചടയ്ക്കുന്നില്ല. ഒരുലക്ഷം രൂപ വായ്പ എടുത്തവന്റെ പേരിൽ റവന്യൂ റിക്കവറിയും നടപടികളും വരുന്നു. മാത്രമല്ല ഇപ്പോൾ ARC ഗുണ്ടകളെ ഉപയോഗിച്ച് ന്യൂജനറേഷൻ ബാങ്കുകൾ വായ്പകൾ തിരിച്ചുപിടിക്കാൻ ശ്രമിക്കുകയാണ്. ഇതൊരിക്കലും അനുവദിക്കാൻ കഴിയുന്ന കാര്യമല്ല. ശക്തമായ നടപടികൾ ഇക്കാര്യത്തിലുണ്ടാകും. ഒരു കാരണവശാലും

ARC ഗുണ്ടകളെ ഉപയോഗിച്ചുകൊണ്ടുള്ള നടപടി അംഗീകരിക്കാൻ സാധ്യമല്ല. നമ്മുടെ രാജ്യത്ത് ബാങ്കുകളുടെ കിട്ടാക്കടം (NPA) വളരെ കൂടുതലാണ്. അത് പാവപ്പെട്ട ആളുകൾ ലോണെടുക്കുന്നതുകൊണ്ടല്ല. അങ്ങേയ്ക്കുതന്നെ അറിയാം, കുടുംബശ്രീയിൽ 98 ശതമാനം തിരിച്ചടവുണ്ട്. ഈ സംസ്ഥാനത്തെ പാവപ്പെട്ടവൻ ലോണെടുത്താൽ അവർ തിരിച്ചടയ്ക്കും. വൻകിടക്കാർ ലോണെടുത്താൽ തിരിച്ചടയ്ക്കില്ല. ബഹുമാനപ്പെട്ട കേന്ദ്രധനകാര്യ വകുപ്പുമന്ത്രി ലോക്സഭയിൽ പ്രഖ്യാപിച്ചു, Government of India is going to induct in all the private sector banks, ക്യാപ്പിറ്റൽ അസറ്റ്സ് ഇല്ലാതെ പ്രൈവറ്റ് സെക്ടർ ബാങ്കുകളനുഭവിക്കുന്ന പ്രയാസം കാരണം ഗവൺമെന്റ് ഓഫ് ഇന്ത്യ 7000 കോടി രൂപ ഫെയ്സ് മാനറിൽ ഇൻഡക്ട് ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിന് കാരണമെന്താണ്; ഇന്നാട്ടിലെ കോർപ്പറേറ്റുകൾ എടുക്കുന്ന ലോണുകൾ തിരിച്ചടയ്ക്കുന്നില്ല. പാവപ്പെട്ട ആളുകളെ ബുദ്ധിമുട്ടിക്കുന്ന ഒരു സമീപനത്തോടും ഗവൺമെന്റിന് യോജിപ്പില്ല. ARC കൾ നടത്തുന്ന ഗുണ്ടാ പ്രവർത്തനങ്ങളെ ശക്തമായിത്തന്നെ നേരിടുമെന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇതുപോലെ ലോൺ എടുത്ത് ആളുകളെ കബളിപ്പിക്കുന്ന മാഫിയകളെ നിയന്ത്രിക്കാൻവേണ്ടി എസ്.പി. ലെവലിലുള്ള ഒരുദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ടീം രൂപീകരിച്ച്

നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശനെ അറിയിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിന് ഒരു സമയപരിധി നിശ്ചയിച്ച് അന്വേഷണ വിഷയങ്ങൾ ക്ലിപ്തപ്പെടുത്തുകയും വേണം. ഞാൻ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രമുഖരായ പബ്ലിക് സെക്ടർ ബാങ്കുകളെക്കുറിച്ചാണ്. ആ ബാങ്കുകളിലെ ഉദ്യോഗസ്ഥർകൂടി കൂട്ടുനിന്നുകൊണ്ടാണ് ഇത്രയും വലിയ തുക ചെറിയ സെന്റ് സ്ഥലത്തിന്റെ ഈടിന്മേൽ നൽകുന്നത്. അതുകൊണ്ട് ഇതിന് കൂട്ടുനിൽക്കുന്ന ബാങ്കുദ്യോഗസ്ഥർക്കെതിരെ നടപടികളെടുക്കുന്നതുകൂടി അന്വേഷണ സംഘത്തിന്റെ പരിധിയിൽപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ ലഭിച്ചിട്ടുള്ളത് 16 കേസ്സുകളാണ്. അതിൽ നടപടികൾ സ്വീകരിച്ച് കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിച്ചിട്ടുള്ളതാണ്. ഇത്തരം ചതികളിൽപ്പെടുന്നവർക്ക് നേരിട്ട് പരാതികൾ കൊടുക്കാൻവേണ്ടിയാണ് സ്പെഷ്യൽ സെൽ രൂപീകരിക്കുന്നത്. അങ്ങനെ ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ പെട്ടെന്ന് നടപടി സ്വീകരിക്കത്തവിധത്തിൽ എസ്.പി.ലെവലിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള ടീമിനെ സമീപിക്കാം. പരാതിയിന്മേൽ

അടിയന്തര നടപടികളുണ്ടാകും. ഇതുവരെ വന്ന കേസ്സുകളിലെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്.

## (2) തോട്ടം തൊഴിലാളികളുടെ സംരക്ഷണം

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, പ്ലാന്റേഷൻ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ അതിപ്രധാനമായ ഏതാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഇതിൽ നയപരമായൊരു തീരുമാനമെടുക്കേണ്ടതുള്ളതുകൊണ്ടാണ് മുഖ്യമന്ത്രി തന്നെ ഇക്കാര്യത്തിൽ മറുപടി പറഞ്ഞ് വ്യക്തതയുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കാൻ കാരണം. തോട്ടം തൊഴിലാളികളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം പാർപ്പിടം സംബന്ധിച്ചുള്ള പ്രശ്നമാണ്. പല ഘട്ടങ്ങളിലായി ഈ ഗവൺമെന്റും മാറിമാറി വന്ന ഗവൺമെന്റുകളെല്ലാം ചർച്ച ചെയ്തെങ്കിലും പ്ലാന്റേഷൻ ലേബർ കമ്മിറ്റി മുമ്പാകെയും ഗവൺമെന്റ് മുമ്പാകെയും ഈ വിഷയം സജീവമായി ചർച്ചയ്ക്ക് വന്നിരുന്നെങ്കിലും ശാശ്വതപരിഹാരം കാണാൻ സാധിച്ചില്ല. തോട്ടങ്ങളിലെ ലയങ്ങളുടെ സ്ഥിതി എന്ന് പറയുന്നത് മാടിന്റെ തൊഴുത്തിനേക്കാൾ മോശമായ അവസ്ഥയിലാണ്. മാത്രവുമല്ല, ഒരു കിടപ്പുമുറിയും ഒരു അടുക്കളയും

ഉപയോഗിച്ചുകൊണ്ട് പത്തും പതിനഞ്ചും അംഗങ്ങളുള്ള കുടുംബങ്ങൾ അവിടെ താമസിക്കേണ്ട അവസ്ഥയാണുള്ളത്. ഇത് തലമുറകളായി താമസിച്ചുവരുന്ന ഇവരുടെ സാമൂഹ്യപ്രശ്നമായി ഇന്ന് മാറിയിട്ടുണ്ട്. അതോടൊപ്പം ലൈനുകൾ റിപ്പയർ ചെയ്യുകയോ നന്നാക്കുകയോ ചെയ്യാത്തതുകൊണ്ട് വലിയ അപകടാവസ്ഥയിൽ മാറികൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. മഴക്കാലമായാൽ മഴ പെയ്യുന്നതിനെത്തുടർന്ന് ചെറിയ ചാറ്റലടിക്കുന്ന വീടുകൾപോലും ഇടിഞ്ഞ് വീണുകൊണ്ടിരിക്കുകയാണ്. കമ്പുകൾ അടുക്കിയുള്ള മറകൾ ഉണ്ടാക്കി വച്ചിരിക്കുന്ന അവസ്ഥയുള്ള ലയങ്ങൾവരെയാണ് ഇപ്പോഴുള്ളത്. ഇത് പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ രണ്ടുപ്രാവശ്യമായി 40 കോടിരൂപ ഗവൺമെന്റ് വകയിരുത്തിയിരുന്നു. ആ തുക ഇതുവരെ വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽവകുപ്പുമന്ത്രി പി.എൽ.സി. ചർച്ചയിൽ താൽക്കാലികമായി ഒറ്റ വീടുകളെല്ലാം ഇരട്ട വീടുകളാക്കി കൊടുക്കാമെന്ന് പറയുകയുണ്ടായി. അതുകൊണ്ടൊന്നും ഈ പ്രശ്നത്തിന് ശാശ്വത പരിഹാര മാകുന്നില്ല. ശാശ്വതപരിഹാരം കാണണമെങ്കിൽ തലമുറകളായി ഇവിടെ താമസിച്ചുപോരുന്നവർക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നമാണ് ഇവിടെ സാക്ഷാത്കരിക്കപ്പെടേണ്ടത്. അതിനുള്ള നടപടികളാണ്

ഗവൺമെന്റ് സ്വീകരിക്കേണ്ടത്. അത് പരിശോധിക്കുമ്പോൾ കാണുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം 5 സെന്റ് സ്ഥലം ടൂറിസം ആവശ്യങ്ങൾക്ക് കൊടുക്കാമെന്ന് ഗവൺമെന്റ് ഇപ്പോൾ പറയുന്നതാണ്. പക്ഷേ തലമുറകളായി താമസിക്കുന്നവർക്ക് സ്വന്തമായി വീട് നിർമ്മിക്കാൻ 5 സെന്റ് സ്ഥലം കൊടുക്കാൻ മാനേജ്മെന്റ് തയ്യാറാകുന്നില്ല. അവർ സർക്കാർ സ്ഥലം ഇഷ്ടംപോലെ കൈവശം വച്ചിട്ടുണ്ട്. പാട്ടത്തിനോ അല്ലെങ്കിൽ പട്ടയമായോ വച്ചിരിക്കുന്ന ഭൂമി കൂടാതെ, പതിനായിരം ഏക്കർ ഭൂമിയാണ് ഇവർ കൈവശം വച്ചിരിക്കുന്നത്. ഞാൻ പരിശോധിച്ചപ്പോൾ മൂന്നാറിലെ ടാറ്റാ എസ്റ്റേറ്റുകളിൽ പതിനായിരം വീടുകളാണുള്ളത്. അവർക്ക് വീടുകൾ വച്ചുകൊടുക്കാൻ 5 സെന്റ് സ്ഥലം വീതം തൊഴിലാളികൾക്ക് കൊടുത്താൽ, സ്വന്തമായി കൊടുക്കുന്നൊരു അവസ്ഥയുണ്ടായാൽ അവർക്ക് 500 ഏക്കർ സ്ഥലം മാത്രമേ വരികയുള്ളൂ. 500 ഏക്കർ സ്ഥലമുണ്ടെങ്കിൽ ടാറ്റാ എസ്റ്റേറ്റിലെ മുഴുവൻ പാർപ്പിട പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ സാധിക്കും. മലയാളം പ്ലാന്റേഷൻ ആണെങ്കിൽ 600 ഏക്കർ സ്ഥലം മാത്രംമതി. സ്വാഭാവികമായും ഇത് പരിഹരിക്കാൻ കഴിയുന്നൊരു കാര്യമാണ്. ആ നിലയിലുള്ളൊരു സ്കീമിലേയ്ക്ക് സർക്കാർ പോകണം. മാത്രവുമല്ല, ഇതിന്റെ ഫലമായി വേറൊരു ദയനീയമായൊരു

സ്ഥിതിയും കൂടിയുണ്ട്. ഇത് വളരെ ഗൗരവമുള്ളതാണ്. കിടക്കാൻ സ്ഥലമില്ലാത്തതുകൊണ്ട് ഏറ്റവും കുറഞ്ഞ കൂലിക്ക് ഏതാനംപേർ ജോലി ചെയ്യുകയാണ്. ബാക്കിയുള്ളവർ പുറത്തുപോയി ജോലി ചെയ്യും. ഇവിടെ ജോലി ചെയ്ത് റിട്ടയർ ചെയ്യുന്നവർ റിട്ടയർമെന്റ് കോമ്പൻസേഷൻ വാങ്ങിക്കാതിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ലയങ്ങളിൽ താമസിക്കുന്നവർ ഗ്രാറ്റുവിറ്റി വാങ്ങിയാൽ എന്തുചെയ്യും?

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഗ്രാറ്റുവിറ്റി വാങ്ങിയാൽ അവരെ അവിടെനിന്നും ഇറക്കിവിടുകയാണ് ചെയ്യുന്നത്. ഇറങ്ങിപ്പോയാൽ പിന്നീട് അവർക്ക് താമസിക്കാൻ സ്ഥലമുണ്ടാകില്ല. അതുകൊണ്ട് ഗ്രാറ്റുവിറ്റി വാങ്ങിക്കാതെ വേറെ എവിടെയെങ്കിലും പോയി പണിയെടുത്ത് ഇവിടെവന്ന് കിടക്കുന്നൊരു അവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം.

തോട്ടം തൊഴിലാളികളുടെ ചികിത്സയെ സംബന്ധിച്ചാണ് രണ്ടാമത്തെ പ്രശ്നം. പ്ലാന്റേഷൻ ലേബർ ആക്ടിൽ ചികിത്സയുമായി ബന്ധപ്പെട്ട് പറയുന്നുണ്ടെങ്കിലും ആ വ്യവസ്ഥകൾക്കനുസരിച്ചുള്ള ചികിത്സ അവർക്ക്

ലഭിക്കുന്നില്ല. പ്രത്യേകിച്ച്, സ്കാനിംഗ് അതുപോലെയുള്ളവയ്ക്ക് എപ്പോഴും മരുന്നുകൾ പുറത്തുപോയി പണംകൊടുത്ത് വാങ്ങിക്കുന്ന സ്ഥിതി യാണുള്ളത്. അവരുടെ തുച്ഛമായ വരുമാനംകൊണ്ട് ജീവിതാവശ്യങ്ങൾ ക്കുപോലും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയിലാണ് പുറത്തുനിന്നും മരുന്നുകൾ വാങ്ങേണ്ട സ്ഥിതി നിലനിൽക്കുന്നത്. അവിടത്തെ ഡിസ്പെൻസറികളിൽ ഡോക്ടർമാരും നഴ്സുമാരും ഉണ്ടാകില്ല. എല്ലാ അസുഖങ്ങൾക്കും ഒരേ മരുന്നാണ് കൊടുക്കുന്നത്. അതും പാരസെറ്റമോൾ ആണ് കൊടുക്കുന്നത്. ഇപ്പോൾ ആ മരുന്നും ലഭിക്കുന്നില്ല എന്നുള്ള സ്ഥിതിയാണുള്ളത്. ഈ അവസ്ഥയ്ക്കും മാറ്റം ആവശ്യമാണ്.

തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ചാണ് മൂന്നാമതായി പറയാനുള്ളത്. കഷ്ടിച്ച് നാലാം ക്ലാസ് വരെയുള്ള പഠനമൊക്കെ ഒപ്പിച്ചുപോകുന്നുണ്ട്. അതിനുശേഷമുള്ള വിദ്യാഭ്യാസം വളരെ അപൂർണ്ണമാണ്, കഴിയുന്നില്ല. തമിഴ്നാട്ടിലും മറ്റു സംസ്ഥാനങ്ങളിലും പോയി പഠിക്കേണ്ട അവസ്ഥയാണ് ഇപ്പോഴുള്ളത്. ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച് ചിന്തിക്കാൻപോലും കഴിയാത്ത അവസ്ഥയാണുള്ളത്. ഇതിനും പരിഹാരം കാണേണ്ടതുണ്ട്.

ചെറുകിട തോട്ടംതൊഴിലാളികളുടെ ക്ഷേമനിധിയെ സംബന്ധിച്ചുള്ള താണ് നാലാമത്തെ പ്രശ്നം. നൂറ് കണക്കിന് അല്ലെങ്കിൽ ആയിരക്കണക്കിന് തൊഴിലാളികളിൽനിന്നും ഒരു വിഹിതം പിരിച്ച് ഉദ്യോഗസ്ഥരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അതിനപ്പുറം യാതൊരു പ്രവർത്തനവും ആരംഭിക്കാൻ സാധിച്ചിട്ടില്ല. അതിന്റെ ഫലമായി ട്രേഡ് യൂണിയൻ പ്രവർത്തകർക്ക് ഇവരെ സമീപിക്കാൻ കഴിയാത്ത സ്ഥിതിയാണ്, പല സ്ഥലത്തും അവരെ വളഞ്ഞു വയ്ക്കുകയാണ്. ഇതൊക്കെയാണ് അവിടത്തെ സ്ഥിതി. ഈ അവസ്ഥയ്ക്ക് മാറ്റം വരേണ്ടതുണ്ട്. അതുകൊണ്ട് ഈ പറഞ്ഞ നാലുകാര്യങ്ങൾക്കും സമഗ്രമായി പരിഹാരം കാണേണ്ടതും അതിനുള്ള പദ്ധതി ആവിഷ്കരിച്ചും നല്ലൊരു തീരുമാനം യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തയ്യാറാകണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ഏതാനും മാസങ്ങളായി നമ്മളെല്ലാവരും കൂട്ടായി പരിഹാരം കാണാൻ പരിശ്രമിക്കുന്ന വളരെ ഗൗരവമേറിയ വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. അദ്ദേഹമുൾപ്പെടെ ഇടുക്കിയിലെ എം.എൽ.എ.മാർ എല്ലാവരും സഹകരിച്ചതുകൊണ്ടാണ് ഈ വിഷയത്തിൽ പരിഹാരം കണ്ടെത്തിവരുന്നത്.

സാങ്കേതികമായി പരിശോധിച്ചാൽ ഇന്നും കേരളത്തിൽ ഭൂരഹിതരായ ഒരു സമൂഹമുണ്ടെങ്കിൽ അത് തോട്ടം തൊഴിലാളികളാണ്. അതുകൊണ്ടാണ് തോട്ടം തൊഴിലാളികൾക്കൊരു ഭവന പദ്ധതിയെന്ന നിലയിൽ ഭവനം ഫൗണ്ടേഷൻ രൂപീകരിക്കുകയും 40 കോടിരൂപ അതിനുവേണ്ടി നീക്കിവയ്ക്കുകയും ചെയ്തത്. എന്നാൽ അവിടെ ഭൂമിയെ സംബന്ധിക്കുന്ന പ്രശ്നമുണ്ടെന്നുള്ളത് എം.എൽ.എ. മാർക്ക് അറിയാവുന്നതാണ്. മാത്രമല്ല, തോട്ടം തൊഴിലാളികളെ തോട്ടത്തിനുപുറത്ത് കൊണ്ടുപോയി താമസിപ്പിച്ചാൽ അവർക്ക് തോട്ടത്തിൽ തൊഴിൽ ലഭിക്കുകയില്ല. തോട്ടത്തിനുള്ളിൽ തന്നെ അവർക്ക് വീട് വച്ചുകൊടുക്കേണ്ട സാഹചര്യമുണ്ടാവുകയും അതിൽ പല ബുദ്ധിമുട്ടുകളും വാദങ്ങളുമുണ്ടായതുകൊണ്ടാണ് അത് നടക്കാതെ പോയത്. ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ. മുൻകയ്യെടുത്ത് എല്ലാവരുമായി ചർച്ച ചെയ്ത് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. എന്നാൽ അത് അടിസ്ഥാനതത്വത്തിൽനിന്ന് വ്യതിചലിക്കുന്നതായതുകൊണ്ട് നമ്മൾ ആ പദ്ധതിയുമായി മുന്നോട്ട് പോയില്ല. ഒരു dead end-ൽ വന്നുനിന്നതുപോലെ ആ പദ്ധതി മുന്നോട്ടുപോകാൻ സാധിക്കാത്ത ഒരവസ്ഥയുണ്ടായി. അതുകൊണ്ടാണ് ആ പദ്ധതി freeze ചെയ്തത്. എന്നാൽ തോട്ടം മേഖലയിൽ പൊട്ടിപ്പുറപ്പെട്ട സമരത്തെ തുടർന്ന് നമ്മൾ വീണ്ടും ഗൗരവമായി ചർച്ച നടത്തി. രണ്ട് കാര്യമാണ് ഗവൺമെന്റ്

ഇക്കാര്യത്തിൽ ഉദ്ദേശിക്കുന്നത്. ഒന്ന്, ഇപ്പോൾ താല്ക്കാലികമായി നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യമാണ്. ശ്രീ. കെ. കെ. ജയചന്ദ്രൻ പറഞ്ഞതുപോലെ അപ്പനപ്പൂപ്പൻമാർ മുതൽ എല്ലാവരും കൂടി ചേർന്ന് ഒരു മുറിയും ഒരു അടുക്കളയുമുള്ള സ്ഥലത്ത് കഴിയേണ്ടിവരുന്നത് വലിയൊരു സാമൂഹ്യപ്രശ്നം തന്നെയാണ്. അതുകൊണ്ട് ഒരു ഭവന പദ്ധതിയുടെ കാര്യം ആലോചിച്ചിരുന്നു. അത് പൂർത്തിയാക്കണമെങ്കിൽ ചുരുങ്ങിയത് 4000 കോടി രൂപ വേണം. അത് സാധിക്കാത്ത പശ്ചാത്തല ത്തിലാണ് താല്ക്കാലികമായി രണ്ട് ലയങ്ങൾ ഒരുമിപ്പിച്ച് മൂന്ന് മുറിയും ഒരു അടുക്കളയും ഉണ്ടാക്കുന്ന സാഹചര്യത്തെക്കുറിച്ച് ആലോചിക്കുന്നത്. അതിനായി ഈ വർഷം 20 കോടി രൂപയുണ്ട്. പ്ലാന്റേഷൻ ഹൗസിംഗ് കമ്മിറ്റി യോഗം കൂടിക്കഴിഞ്ഞു. അവരുടെ നിർദ്ദേശപ്രകാരം ഈ വർഷംതന്നെ ചെലവാക്കിത്തുടങ്ങാം എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ചർച്ചകളിൽ വളരെ ഗൗരവമുള്ള ഒരു വിഷയം അവരുടെ പങ്കാളിത്തത്തോടുകൂടി ഉയർന്നുവന്നത് റിട്ടയർ ചെയ്തവർ ഗ്രാറ്റുവിറ്റി വാങ്ങിക്കാതെ കഴിയേണ്ടിവരുന്ന ..........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: മാനേജ്മെന്റ് അനുവദിക്കുകയുമില്ല.

<u>ശ്രീ. ഷിബു ബേബി ജോൺ:</u> സർ, മാനേജ്മെന്റ് അനുവദിക്കുന്നതും

അനുവദിക്കാത്തതുമുണ്ട്. മാനേജ്മെന്റ് പലപ്പോഴും മനഃപൂർവം illegal occupants എന്നുപറഞ്ഞ് ലയങ്ങൾ റിപ്പയർ ചെയ്യാതെ ഇട്ടിരിക്കുന്നത് ഇത്തരം ആൾക്കാരുടേതാണ്. അവരുടെ ഗതികേട് കൊണ്ടാണ് അവരവിടെ താമസിക്കുന്നത് എന്ന് കാണുന്നില്ല. അവരെ Illegal occupants ആയി കണ്ടുകൊണ്ട് അവരുടെ ലയങ്ങൾ റിപ്പയർ ചെയ്യാനോ അവിടെ പണം ചെലവാക്കാനോ മാനേജ്മെന്റ് തയ്യാറാകാത്ത ദുഃസ്ഥിതിയുണ്ട്. അതുകൊണ്ട് പഞ്ചായത്തുകളുമായി ആലോചിച്ച് തോട്ടങ്ങളുടെ പുറത്ത് റിട്ടയർ ചെയ്ത തൊഴിലാളികൾക്കുവേണ്ടി ഒരു ഭവനപദ്ധതി നടപ്പിലാക്കാമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഗവൺമെന്റ് തന്നെ മുൻകയ്യെടുത്ത് ആ ഭവനപദ്ധതി പഞ്ചായത്തിന്റെ സ്ഥലത്ത് നടപ്പിലാക്കുകയും അതുവഴി ..........

<u>ശ്രീ. എളമരം കരീം</u>: സർ, തോട്ടങ്ങളുടെ ഭൂമിയിൽ എക്സസ് ലാൻഡുണ്ട്. അതിൽ വീട് വയ്ക്കാൻ പറ്റുന്ന ഭൂമി കണ്ടെത്തി നൽകുന്ന ഒരു പദ്ധതിയുണ്ടാക്കണം.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, അതെല്ലാം ആലോചിച്ചതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഒരു പഞ്ചായത്തിലുള്ള മുഴുവൻ റവന്യൂ പുറമ്പോക്കും റവന്യൂ ലാൻഡും മൂന്ന് സെന്റ് കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് എടുത്തുകഴിഞ്ഞു. എസ്റ്റേറ്റുകളിലൊക്കെ എക്സസ് ലാൻഡുണ്ട്. അത് മാത്രമേ പ്രായോഗികമാവുകയുള്ളൂ.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഒരു ഘട്ടത്തിൽ തോട്ടമുടമകളോട് ഞാൻ ഭീഷണിയുയർത്തിയതും അതാണ്. 'നിങ്ങളുടെ പക്കൽ എക്സസ് ലാൻഡ് ഉണ്ട്, ഗവൺമെന്റ് കണ്ടുപിടിക്കാനായി ഇറങ്ങിത്തിരിച്ചാൽ കണ്ടുപിടിച്ചിരിക്കും, അതുകൊണ്ട് നിങ്ങൾ സഹകരിക്കണം' എന്നൊക്കെ പറഞ്ഞതാണ്. പക്ഷേ അവർ സഹകരിക്കാൻ തയ്യാറായില്ല. എക്സസ് ലാൻഡ് കണ്ടെത്തി റിട്ടയർ ചെയ്തവർക്കുവേണ്ടിയുള്ള ഒരു പുതിയ ഭവന പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. തീർച്ചയായും അത് നടപ്പിലാക്കുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

അതുപോലെ ട്രീറ്റ്മെന്റിന്റെ കാര്യം, യഥാർത്ഥത്തിൽ പ്ലാന്റേഷൻ ലേബർ റൂൾസ് വന്നപ്പോൾ എക്സ്-റേ വരെയുള്ള ചികിത്സാ സൗകര്യങ്ങൾ മാത്രമേ അതിൽ പറഞ്ഞിരുന്നുള്ളൂ. ഈ സമരം പൊട്ടിപ്പുറപ്പെട്ട ആദ്യത്തെ ചർച്ചയിൽ ത്തന്നെ സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ ആധുനിക സംവിധാനങ്ങളും ചികിത്സയുടെ ഭാഗമായി ഉൾപ്പെടുത്തുകയും അത് ഉടമകളുടെ ഉത്തരവാദിത്വ മാണെന്ന് മനസ്സിലാക്കി ജി.ഒ. ഇറക്കുകയും ചെയ്തു. ഇനിമുതൽ അതെല്ലാം ഉടമകൾ വഹിക്കേണ്ടതാണ്. വിദ്യാഭ്യാസത്തെ ശാക്തീകരിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഇപ്പോൾത്തന്നെ തീരുമാനമെടുത്തിട്ടുണ്ട്. ചെറുകിട തോട്ടം തൊഴിലാളികളുടെ

കാര്യം പറഞ്ഞു, ക്ഷേമനിധി ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ചില തടസ്സങ്ങളുണ്ട്. അതുകൊണ്ട് മറ്റേതെങ്കിലും ബോർഡുമായി ലയിപ്പിക്കാനാണ് ആലോചിക്കുന്നത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡുമായി ലയിപ്പിക്കണമെന്ന നിർദ്ദേശമാണ് വന്നതെങ്കിലും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് തന്നെ മുങ്ങിത്താഴുന്ന സാഹചര്യത്തിൽ അതിൽ ലയിപ്പിച്ചിട്ട് കാര്യമില്ല. സംഘടിതമായിട്ടുള്ള തോട്ടം തൊഴിലാളികൾ വരുന്നത് ലേബർ വെൽഫെയർ ഫണ്ട് ബോർഡിലാണ്. അതുകൊണ്ട് ലേബർ വെൽഫെയർ ഫണ്ട് ബോർഡിലേയ്ക്ക് ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമനിധികൂടി ലയിപ്പിച്ച് അത് കുറെക്കൂടി ഇഫക്ടീവായി കൊണ്ടുപോകുന്നതിനുള്ള പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. കെ. ജയചന്ദ്രൻ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചത്. അതിന് തൊഴിൽവകുപ്പുമന്ത്രി പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള മറുപടി പറയുകയും ചെയ്തു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ വീട്, കുടിവെള്ളം, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപ്രശ്നങ്ങൾ എന്നീ നാല് മേഖലകളിലെങ്കിലും പരിമിതമായി സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ട്. എന്നാൽ പരമ്പരാഗതമായിട്ടുള്ള സാഹചര്യങ്ങളാൽ

ഇവയെല്ലാം പിന്നിലായിട്ടാണ് നിൽക്കുന്നത്. തങ്ങളുടെ മക്കൾക്ക് അവിടെ തൊഴിൽ കിട്ടുമെന്ന് ഉറപ്പുണ്ടായിരുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് ഭാവിയെക്കുറിച്ച് ആശങ്കയില്ലാത്തതിനാൽ അവർ കിട്ടിയ സൗകര്യങ്ങളിൽ ഒതുങ്ങിക്കൂടി ജീവിച്ചിരുന്ന സാഹചര്യ മാണുണ്ടായിരുന്നത്. തൊഴിൽ രംഗത്തുള്ള പിൻതുടർച്ചാവകാശത്തിന് ഇന്ന് ആകർഷണമില്ലാതായി. തോട്ടം തൊഴിലാളികളും അവരുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കാനും നല്ല തൊഴിൽ കിട്ടുന്നതിനുമുള്ള സാഹചര്യമാണ് ആഗ്രഹിക്കുന്നത്. തോട്ടം മേഖലയിലെ തൊഴിലാളികൾക്കുണ്ടായിരുന്ന ഏറ്റവും വലിയ ആകർഷണമായ കുടുംബത്തിന് തൊഴിൽ എന്നതിന് ആകർഷണമില്ലാതായി. കുട്ടികൾക്ക് വിദ്യാഭ്യാസം സൗജന്യമായി ലഭിച്ചുകൊണ്ടിരുന്നെങ്കിലും ഇന്ന് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനുവേണ്ടി അവർ തുക ചെലവഴിക്കുന്നു. ജീവിത സൗകര്യങ്ങൾ ഇല്ലാതെ വരുന്ന സാഹചര്യമാണ് തോട്ടം തൊഴിലാളികളുടെ മേഖലയിലുണ്ടായ അസ്വസ്ഥതയ്ക്ക് പ്രധാന കാരണം. തോട്ടം തൊഴിലാളികൾ ഇന്ന് വളരെയേറെ അസ്വസ്ഥതയോടെയാണ് കഴിയുന്നത്. നേരത്തെയുണ്ടായിരുന്ന ആകർഷകത്വം മാറിയിരിക്കുന്നു. ഈ അവസരത്തിൽ അവർക്കുവേണ്ടി ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യണം. തൊഴിൽ വകുപ്പുമന്ത്രി അതിനുവേണ്ടി ചില

പ്രത്യേക പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അത് ഏറ്റവും വിജയകരമായി നടപ്പിലാക്കാൻ പരമാവധി ശ്രമിക്കുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, എസ്റ്റേറ്റുകളിൽ ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി തന്നെ അനധികൃതമായി കൈവശം വച്ചിട്ടുണ്ട്. സ്വാഭാവികമായി ഈ സാഹചര്യത്തിൽ തോട്ടം തൊഴിലാളികൾക്ക് അഞ്ച് സെന്റ് ഭൂമി വീതം കൊടുത്ത് വീട് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള സമഗ്രമായ നിയമനിർമ്മാണമാണ് നമുക്കാവശ്യം. അതുകൊണ്ട് ഗവൺമെന്റ് മുൻകയ്യെടുത്ത് ഭൂമി ഏറ്റെടുക്കാനും ഏറ്റെടുക്കുന്ന ഭൂമിയിൽ വീട് വച്ച് കൊടുക്കാനുമുള്ള നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ എന്നാണ് എനിക്ക് അറിയേണ്ടത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. സർക്കാർ ഭൂമി ആരെങ്കിലും കൈവശം വച്ചിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കാനുള്ള സംവിധാനം സർക്കാരിന്റെ കൈവശമുണ്ട്. നമുക്ക് കൂട്ടായി അത് ചെയ്യാം. അത് വീണ്ടെടുത്തുകൊണ്ട് സീറോ ലാൻഡ്‌ലെസുമായി ബന്ധപ്പെടുത്തി തൊഴിലാളികൾക്ക് ഭവനപദ്ധതി നടപ്പിലാക്കാം.

മി. സ്പീക്കർ: ഇന്ന് 24 സബ്മിഷനുകളുണ്ട്. അതുകൊണ്ട് വളരെ ചുരുക്കി പറയണം. മറുപടി നീണ്ടതാണെങ്കിൽ മേശപ്പുറത്ത് വയ്ക്കണം.